ഫ്രൈഡേ മെസേജ്

18/09/2020

# വിശുദ്ധ ഖുർആൻ

വായന, വായിക്കപ്പെടുന്നത്, വായിക്കപ്പെടേണ്ടത് എന്നിങ്ങനെയാണ് ഖുർആൻ എന്ന വാക്കിനർത്ഥം. സത്യാസത്യ വിവേചകം എന്ന അർഥത്തിൽ ഫുർഖാൻ എന്നും ഖുർആനിനെ പരിചയപ്പെടുത്തുന്നു. അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ്വ)ക്ക് അവതരിക്കപ്പെട്ട ദൈവിക വചനമാണത്. ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയും ശേഷം പാരത്രിക ജീവിതത്തിലെയും രക്ഷയ്ക്കുതകുന്ന മുഴുവൻ കാര്യങ്ങളും ഈ വിശുദ്ധ ഗ്രന്ഥം പ്രതിപാദിക്കുന്നു. മുസ്‌ലിംകളോട് മാത്രല്ല, ലോകാവസാനം വരെ വരുന്ന മുഴുവൻ മനുഷ്യരോടുമാണ് ഖുർആൻ സംസാരിക്കുന്നത്. നിരക്ഷരനായ പ്രവാചകർ മുഖേനയാണ് മനുഷ്യന് ഈ സന്ദേശങ്ങൾ എത്തിക്കപ്പെട്ടത് എന്നത് ഖുർആനിന്റെ അമാനുഷികതയെ ബോധ്യപ്പെടുത്തുന്നു. അക്ഷരങ്ങളോ ചിഹ്നങ്ങളോ പോലും യാതൊരു മാറ്റത്തിരുത്തലുകൾക്കും വിധേയമാവാതെ, അവതരിക്കപ്പെട്ട അതേ രൂപത്തിൽ നിലനിൽക്കുന്ന **ഒരേയൊരു വേദഗ്രന്ഥം!**

" നിശ്ചയം, ഈ ഖുർആൻ പ്രപഞ്ചനാഥൻ അവതരിപ്പിച്ചത് തന്നെയാണ്!. അങ്ങയുടെ ഹൃദയത്തിൽ ജിബ്‌രീൽ അതുമായി ഇറങ്ങിയിരിക്കുന്നു. സ്ഫുടമായ അറബി ഭാഷയിൽ താക്കീതു നൽകുന്നവരിൽ താങ്കൾ ആയിരിക്കാൻ വേണ്ടിയത്രേ അത്. "

(വി.ഖുർആൻ/അശ്ശുഅറാഅ് 192–195)



e-quicko.com

SKSSF

സംസ്ഥാന കമ്മിറ്റി

writersforum.skssf.in

ശാസ്ത്രീയമായ രീതിയിൽ..
ലഹരി വിമുക്തി ചികിത്സക്കൊപ്പം
ആത്മീയ ശിക്ഷണവും..
വെൽനസ്
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോ സൊല്യൂഷൻസ് &റീഹാബിലിറ്റേഷൻ
കുറ്റിപ്പുറം.
For booking: 9526162771, 9562771133